


# ഫാ. കൊളംബിയർ കയത്തിൻകര CMI


1918 നവംബർ 11-ാം തീയതി കരൂർ ഞാവള്ളിൽ കയത്തിൻകര കുടുംബത്തിൽ ജനിച്ചു. മാതാപിതാക്കൾ ഫ്രഞ്ചുവും റോസയും. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം CMI സന്യാസ സഭയിൽ ചേർന്നു. 1947 മേയ് 31-ന് പൗരോഹിത്യം സ്വീകരിച്ചു. 1948 മുതൽ 52 വരെ തേവര S.H. കോളേജിൽ പൗരസ്ത്യ ഭാഷാ വിഭാഗം അദ്ധ്യാപകനായി ജോലി നോക്കി. അക്കാലത്തുതന്നെ തേവര നിന്നും പ്രസിദ്ധീകരിച്ചിരുന്ന കുടുംബദീപം മാസികയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. 1953 മുതൽ 60 വരെ മാന്നാനത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന കർമ്മലകുസുമം മാസികയുടെ മുഖ്യപത്രാധിപർ. 1960-63 കാലയളവിൽ മാന്നാനം ആശ്രമത്തിന്റെ അധിപനായിരുന്നു. 1963-65 കാലഘട്ടത്തിൽ പാലാ ആശ്രമത്തിന്റെ പ്രിയോറായിരിക്കുമ്പോഴാണ് അദ്ദേഹം പാലായിലെ സുപ്രസിദ്ധമായ സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചത്.

ദീപിക ദിനപ്പത്രം അതിരൂക്ഷമായ ഒരു പ്രതിസന്ധിയിൽക്കൂടി കടന്നുപോകുമ്പോഴാണ് 1965-ൽ ഫാ. കൊളംബിയർ പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായി നിയമിതനാകുന്നത്. ചുരുങ്ങിയ ഒരു കാലയളവുകൊണ്ട് അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ദീപികയെ മാരകമായ പ്രതിസന്ധിയിൽനിന്നും കരകയറ്റി. മുഖ്യപത്രാധിപരായി ഫാ. കൊളംബിയർ ദീപികയെ നയിച്ച 13 വർഷം പത്രത്തിന്റെ സുവർണ്ണകാലമായിരുന്നു. സി.എം.ഐ. സന്യാസസഭയുടെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രമെന്ന നിലയിൽ ഏതു രാഷ്ട്രീയ കാലാവസ്ഥയിലും കേരളത്തിലെ കത്തോലിക്കാസമുദായത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കേണ്ട ചുമതല ദീപികയ്ക്കുണ്ടെന്ന് ഉറച്ചുവിശ്വസിച്ച കൊളംബിയറച്ചൻ പലപ്പോഴും വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിച്ചു. ആ നിലുപാടുകളെ കേരളത്തിലെ കത്തോലിക്കരിൽ 90 ശതമാനവും പൂർണ്ണമായും അംഗീകരിക്കുകയും ചെയ്തു. അക്കാലത്ത് ദീപികയുടെ വാക്ക് കേരള കത്തോലിക്കാസഭയുടെ സമുദായത്തിന് അവസാനവാക്കായിരുന്നു. സ്വാഭാവികമായും ഫാ. കൊളംബിയറുടെ സാരഥ്യത്തിൽ ദീപിക ദിനപ്പത്രം കേരള രാഷ്ട്രീയത്തിലെ നിർണ്ണായക സ്വാധീനശക്തിയായി മാറി.

1975 ജൂണിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിന്റെ പിറ്റേന്നാൾ മുഖപ്രസംഗകോളം ശൂന്യമാക്കിയിട്ടുകൊണ്ട് പത്രം പ്രസിദ്ധീകരിച്ച് പ്രതിഷേധം പ്രകടിപ്പിച്ചത് അഖിലേന്ത്യാ തലത്തിൽ ശ്രദ്ധേയനാക്കി. 1978-ൽ ദീപികയുടെ പത്രാധിപസ്ഥാനത്തുനിന്ന് വിരമിക്കുമ്പോൾ കൊളംബിയറച്ചൻ കേരള പത്രഉടമ സംഘത്തിന്റെ പ്രസിഡന്റായിരുന്നു. മാദ്ധ്യമങ്ങൾക്കുവേണ്ടിയുള്ള C.B.C.I.യുടെ എപ്പിസ്കോപ്പൽ സെക്രട്ടറി, കേരള സോഷ്യൽ കമ്മ്യൂണിക്കേഷൻ ചെയർമാൻ, കേരള സർക്കാരിന്റെ പ്രസ്സ് അഡ്വൈസറി കമ്മറ്റിയംഗം, സി. അൽഫോൻസായുടെ നാമകരണ നടപടി കമ്മീഷനംഗം, C.B.C.I.യുടെ നാഷണൽ അഡ്വൈസറി കൗൺസിൽ മെമ്പർ എന്നീ നിലകളിലും വിലപ്പെട്ട സേവനം അദ്ദേഹം കാഴ്ചവച്ചു.

ദീപികയിൽനിന്നു വിരമിച്ചശേഷം കോട്ടയം സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ അധിപനായി സേവനമനുഷ്ഠിച്ചു വരുമ്പോഴാണ് 1982-ൽ പുതുപ്പള്ളി പ്രൊവിൻഷ്യൽ ഹൗസിൽവച്ചുണ്ടായ അപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിച്ച് കൊളംബിയറച്ചൻ ശയ്യാവലംബിയായത്. അക്കാലത്ത് ലഭിക്കാവുന്ന ഏറ്റവും മികച്ച അലോപ്പതി - ആയുർവ്വേദ ചികിത്സകൾക്കൊന്നും അദ്ദേഹത്തെ വീണ്ടും കർമ്മപഥത്തിലെത്തിക്കാൻ കഴിഞ്ഞില്ല. ഒമ്പതു വർഷക്കാലം നട്ടെല്ലിന്റെ വേദന ക്ഷമയോടും നിസ്സംഗതയോടുംകൂടി സഹിച്ചുകഴിഞ്ഞ ഫാ. കൊളംബിയർ 1991 ജൂലൈ 21-ന് അന്തരിച്ചു.

# ഫാ. കുര്യാക്കോസ് S.J.



മദ്രാസ് ലൊയോള കോളേജിന്റെ ചരിത്രത്തിൽ ഏറ്റവുമധികം കാലം പ്രിൻസിപ്പാളായി ജോലി നോക്കുകയും ഇൻഡ്യയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറെ ശ്രദ്ധേയനാവുകയും ചെയ്ത ഫാ. ജെ. കുര്യാക്കോസ് S.J., അറക്കുളം കയത്തിൻകര കുര്യൻ-ത്രേസ്യാ ദമ്പതികളുടെ മൂത്ത മകനായി 1925 നവംബർ 24-ാം തീയതി ജനിച്ചു.

വിദ്യാഭ്യാസം പാലാ സെന്റ് തോമസ് ഹൈസ്കൂളിലും തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിലും. 1945-ൽ ഈശോസഭയിൽ ചേർന്ന് ഷെമ്പഗന്നൂർ നൊവീഷ്യേറ്റ് ഹൗസിൽ വൈദികപഠനമാരംഭിച്ചു. 1947-ൽ പ്രഥമ വ്രതം സ്വീകരിച്ച ജോസഫ് കുര്യാക്കോസ് 1957-ൽ കൽക്കട്ട ആർച്ച് ബിഷപ്പ് ഡോ. പെറിയറിൽനിന്ന് പട്ടം സ്വീകരിച്ചു. 1961 മുതൽ 1970 വരെ ആന്ധ്ര ലൊയോള കോളേജിൽ വാർഡനായും വൈസ് പ്രിൻസിപ്പലായും റെക്ടറായും സേവനമനുഷ്ഠിച്ചു. 1970-ൽ മദ്രാസ് ലൊയോള കോളേജ് പ്രിൻസിപ്പാളായി നിയമിതനായി.

മദ്രാസ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗം, തമിഴ്നാട് പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസ്സോസിയേഷൻ പ്രസിഡന്റ്, അയാഷെയുടെ അഖിലേന്ത്യാ ചെയർമാൻ, ഭാരതത്തിലെ കത്തോലിക്കാ സന്യാസസമൂഹങ്ങളുടെ ദേശീയ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടി പൊരുതി ദേശീയ ശ്രദ്ധയാകർഷിച്ചു.

1983-ൽ ലൊയോള കോളേജിൽനിന്നു റിട്ടയർ ചെയ്ത ഉടൻ ഫാ. കുര്യാക്കോസ് ഈശോസഭയുടെ ആന്ധ്ര റീജിയൻ മേജർ സുപ്പീരിയറായി നിയമിക്കപ്പെട്ടു. 1984-ൽ ആഗോള ഈശോസഭയുടെ 33-ാം ജനറൽ കോൺഗ്രിഗേഷനിൽ ഇൻഡ്യയെ പ്രതിനിധീകരിച്ചു. 1991-ൽ ആന്ധ്ര ലൊയോള കോളേജിന് നേരിട്ട മാരകമായ പ്രതിസന്ധി നേരിടുന്നതിന് 65 വയസ്സുണ്ടായിരുന്ന അദ്ദേഹത്തെ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ പ്രിൻസിപ്പാളായി നിയമിച്ചു. ദൗത്യം പൂർത്തിയാക്കി വിരമിച്ച ഫാ. കുര്യാക്കോസ് ഉടൻതന്നെ കരിംനഗറിലെ ലൊയോള കോളേജിന്റെ സുപ്പീരിയറായി നിയോഗിക്കപ്പെട്ടു.

1994 ജൂലൈ ആദ്യം ഒരു മെഡിക്കൽ പരിശോധനയ്ക്കുവേണ്ടി ഹൈദരാബാദിലെത്തിയ ഫാ. കുര്യാക്കോസ് തികച്ചും അപ്രതീക്ഷിതമായി ജൂലൈ 11-ാം തീയതി ഹൃദയസ്തംഭനം മൂലം മരിച്ചു. ജൂലൈ 12-ന് ഹൈദരാബാദ് ആർച്ചുബിഷപ് റവ. ഡോ. അരുളപ്പ, ഖമാം ബിഷപ്പ് റവ. ഡോ. ജോഗി, കർണൂൽ ബിഷപ് റവ. ഡോ. ജൊഹാൻസ്, വാറംഗൽ ബിഷപ് റവ. ഡോ. ബാല നൂറിൽപ്പരം വൈദികർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന സംസ്കാര ശുശ്രൂഷകളിൽ ആയിരക്കണക്കിനാളുകളാണ് പങ്കെടുത്തത്.

ഫാ. കുര്യാക്കോസിന്റെ മരണത്തിന്റെ എട്ടാം ദിവസം ചെന്നൈ പൗരാവലി ലൊയോള കോളേജിൽ യോഗം ചേർന്ന് അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് നാലു നിലകളിലുള്ള ബൃഹത്തായ ഒരു ലൈബ്രറി സമുച്ചയം കോളേജ് വളപ്പിൽ പണിയുന്നതിന് തീരുമാനിച്ചു.

ചെറിയ ആകാരത്തിൽ വലിയ കർമ്മശേഷിയും ഉരുക്കുപോലുള്ള നിശ്ചയദാർഢ്യവും ഒളിപ്പിച്ച്, പരുക്കൻ ഖദർ കുപ്പായമണിഞ്ഞ് പ്രാർത്ഥനാനിരതമായ ലളിതജീവിതം നയിച്ച ഒരസാധാരണ കർമ്മയോഗിയുടെ നിത്യസ്മാരകമായി പ്രസ്തുത ലൈബ്രറി കെട്ടിടം ഇന്ന് ലൊയോള കാമ്പസിൽ തലയെടുപ്പോടെ നിൽക്കുന്നു.







# ഫാ. ജോസഫ് (പാപ്പച്ചൻ)

Rev. Fr. Joseph Thekkel, a priest of the Archdiocese of Bangalore died on 5.9.2007 at 8.00 pm at his home church, St. Mary's Church, Lalam, Palai, Kerala. His funeral took place at 7.9.2007 at 10.30 am at Palai. Fr. Joseph Thekkel was born on 28-10-1922 at Palai, Kerala of Joseph and Anna, in the parish of St. Mary's Church Palai. After finishing his high school studies at St. Thomas H. School Palai, he joined Sr. Berchman's College, Changanacherry for the Inter (1939) and for the B.A. at St. Xavier's College, Palayamcotta.

In 1945 June he joined the Archdiocese of Bangalore, as he was a great Admirer of the late Archbishop Pothecamury. After 1½ years at St. Mary's Minor Seminary under the Rectorship of Mgr. A.D. Lobo, he joined the Major Seminary of St. Peter's Seminary, Bangalore in 1947. Fr. Jacquemart was the Rector. In September 1947 he was sent to Rome, to the Propaganda College for Philosophical and Theological studies. In 1951 December 21, he was ordained Priest. In 1953 October, after successfully defending his Thesis on "Nationalisation according to the papal teachings" he returned to Bangalore. Once aganin he was sent to Gregorian University (1984-85) to do one year Matrimonial Tribunal Course.

As a priest he worked at various places. St. Germain's High School, St. Joseph's Church-Briand Square, St. Ignatius Church-Begur and as Professor at St. Peter's Pontifical Seminary for 37 long years. He rendered his services as Judicial Vicar for 34 years at tha Marriage Tribunal of the Archdiocese and from 1970-97 Secretary, Theological Publications in India. After his retirement from St. Peter's Seminary he spent some time at Sacred Heart Church, Ashoknagar and Archdiocesam Clergy Home, and finally he went to his hometown Palai.

Fr. Joseph Thekkel was a simple man easily approachable. He was well known for his intellectual abilities, a deeply spiritual man available at anytime for everyone for spiritual guidance.

# Chevalier K.C. Chacko

Author of First English Biography of
St. Alphonsa

***Sr. Alphonsa Ist ed. May 1948***

**ഷെവലിയാർ ചാക്കോയെക്കുറിച്ച് സമകാലീന മഹാന്മാർ എഴുതുന്നു:**



ഷെവലിയാർ ചാക്കോ മാർപാപ്പായുമൊത്ത്

- ദൈവത്തിനും രാഷ്ട്രത്തിനും വേണ്ടി ജീവിതം ചെലവഴിച്ചവൻ. (വലേരിയൻ കാർഡിനൽ ഗ്രേഷ്യസ്, ബോംബെ)
- ഭക്തിതീക്ഷ്ണതയോടെ ഇന്ത്യയിലെ സഭയ്ക്ക് സേവനം ചെയ്തവൻ. (ലോറൻസ് കാർഡിനൽ പിക്കാച്ചി, കൽക്കട്ടാ)
- ഷെവലിയാർ ചാക്കോ ദൈവവചനം പ്രസംഗിക്കുമ്പോൾ ഹൃദയങ്ങൾ ആളിക്കത്തുകയാണ്. (ബിഷപ് സെബാസ്റ്റ്യൻ മങ്കുഴിക്കരി)
- താൻ വഹിച്ച എല്ലാ ഉദ്യോഗങ്ങളേക്കാൾ ഉന്നതശീർഷനായ മനുഷ്യൻ. (മുഹമ്മദ് ഗനി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ)
- പാശ്ചാത്യലോകത്തിന് അനേകം ആശയങ്ങൾ നൽകാൻ കഴിയുന്നവൻ. (ബിഷപ് ഫുൾട്ടൻ ജെ. ഷീൻ, ന്യൂയോർക്ക്)
- അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തിവേളയിൽ പ്രസിദ്ധീകരിച്ച 'റെസ്പോൺസിബിൾ പാർട്ട്ണർഷിപ്പ്' എന്ന സ്മരണികയ്ക്കുവേണ്ടി ശേഖരിച്ച ലേഖനങ്ങളിൽനിന്നും സംഗ്രഹിച്ചത്.

## തെരഞ്ഞെടുത്ത ഗ്രന്ഥങ്ങൾ

**ജീവചരിത്രം**

- Sr. Alphonsa
- Fr. Kuriakose Elias Chavara
- Sr. Mariam Theresa (Founderess of Holy Family)
- Fr. Mathew Kathalikattil (Founder of S.H. Congregation)
- Bp. Thomas Kurialassery (Founder of SABS Congregation)
- Fr. Thevaruparambil Kunjachan (The Apostle of Harijans)
- Thomachan Puthen Parambil (Apostle of Franciscan III[rd] Order

**ശാസ്ത്രഗ്രന്ഥങ്ങൾ**

- വസ്തുബലം
- ഇലാസ്തിക സിദ്ധാന്തം
- ജലസേചനം

**സാംസ്കാരിക ഗ്രന്ഥങ്ങൾ**

- ലോകയാത്രസ്മരണകൾ
- ഭിന്നസംസ്കാരങ്ങളിലൂടെ
- ഇംഗ്ലണ്ടിൽ

**ആത്മീയഗ്രന്ഥങ്ങൾ**

- Spirituality of Sr. Alphonsa
- Four Weeks in Vatican II
- From your Catches
- St. Francis Assissi
- യുഗപരിവർത്തകൻ
- നിങ്ങൾ ഭൂമിയുടെ ഉപ്പാണ്

**ആത്മകഥാപരം**

- ജീവിതമുദ്രകൾ
- A philosophy that hasn't failed


*Inserted by: Francis Chacko Kadankavil*





# കാടൻകാവിൽ പുതുപ്പള്ളിയേൽ കുടുംബം

*ലഭിച്ച എല്ലാ കൃപയ്ക്കും നന്ദി അർപ്പിച്ചു.*



**പുതുപ്പള്ളിയേൽ ചാക്കോയും ഭാര്യ മറിയവും**
**(അപ്പനും അമ്മയും)**



**മൂത്തമകൾ മറിയക്കുട്ടി ജോസഫ് കാപ്പിൽ**



**1940-ൽ കാടൻകാവിൽ പുതുപ്പള്ളിയേൽ കുടുംബം**

അവതാരികൻ 5-ാം വയസ്സിൽ വലത്തുവശത്ത് ആദ്യം ഇരിക്കുന്നു.

# ബെത്‌ലെഹം
# ഒരു സിംഹാവലോകനം



കുടുംബത്തിൽ ഒരു കല്യാണം നിശ്ചയിച്ചുറപ്പിച്ച് എല്ലാവരെയും അറിയിച്ചശേഷം അത് മുടങ്ങിപ്പോയാൽ ഒരു കുടുംബനാഥൻ എന്തൊക്കെ ചെയ്യും? പൊട്ടിത്തെറിക്കാം, വിമ്മിക്കരയാം, ശപിക്കാം, പഴിക്കാം, ന്യായീകരിക്കാം. അടുത്ത ആലോചനയ്ക്ക് ശ്രമിക്കാം. വേണമെങ്കിൽ, വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം തന്നെ സൃഷ്ടിക്കാൻ ഇറങ്ങിപ്പുറപ്പെടാം. അങ്ങനെ ഇറങ്ങിത്തിരിക്കാനാണ് എനിക്ക് ഇടയായത്.

തിരിഞ്ഞുനോക്കുമ്പോൾ അഭിമാനിക്കാൻ ഒരുപാടുണ്ട്. ദൈവപരിപാലനയുടെ വിസ്മയിപ്പിക്കുന്ന ധാരാളം അനുഭവങ്ങൾ. വലിയ കാര്യങ്ങൾക്ക് നാന്ദി കുറിക്കുന്ന ചെറിയ ചെറിയ പ്രവർത്തികൾക്ക് ഉപകരണങ്ങളായിത്തീർന്ന നിരവധി സംഭവങ്ങൾ. നാട്ടിലെ ഒട്ടുമിക്ക ക്രൈസ്തവ കുടുംബങ്ങളുടെയും സൗഹൃദം, ദിവസേന എന്നവണ്ണം വിവാഹക്ഷണങ്ങൾ, ശുഭവാർത്തകൾ, കൃതജ്ഞതയുടെ നല്ല വാക്കുകളുമായി ധാരാളം സന്ദർശകർ. ഇതാണ് ഇന്ന് ബെത്‌ലെഹം.

വൈവാഹിക സംഗമങ്ങൾ - നല്ല കല്യാണക്കാര്യങ്ങൾ മാത്രമല്ല, നല്ല വിവാഹസംസ്കാരങ്ങളും ഇവിടെ രൂപംകൊള്ളുന്നു. പെണ്ണുകാണൽ അനൗപചാരികമായി നടക്കുന്നതോടൊപ്പം ഇവിടെ നടക്കുന്ന ചർച്ചകൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും സാമൂഹ്യസാംസ്കാരിക മാറ്റങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

സ്ത്രീധനപ്രശ്നങ്ങൾ രൂക്ഷമാക്കിയിരുന്നതിന്റെ മുഖ്യപങ്ക് ഇടനിലക്കാരുടെ കമ്മീഷൻ ശൈലിയാണെന്ന തിരിച്ചറിവാണ് മാട്രിമോണിയൽ ഡേറ്റാബാങ്ക്, ഫോട്ടോ ഡയറക്ടറി, മീഡിയേറ്റർ സർവ്വീസ് തുടങ്ങിയ കമ്മീഷൻ വാങ്ങാത്ത ഒരു കല്യാണാലോചനാ സംസ്കാരത്തിന് രൂപം കൊടുക്കുവാൻ കാരണമായത്. ഇന്ന് ക്രൈസ്തവ കുടുംബങ്ങളിൽ കല്യാണമന്വേഷിക്കുമ്പോൾ ആദ്യം തേടുന്ന ഇടം ബെതിലെഹമായി മാറിയിരിക്കുന്നു.

വിവാഹാലോചനകളുടെ ഈ പുത്തൻ സംസ്കാരത്തിലേക്ക് ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു!

**ജോർജ് കാടൻകാവിൽ**

ഇന്ത്യൻ എയർഫോഴ്സിൽനിന്നു വിരമിച്ചശേഷം അമേരിക്കയിൽ ഒരു സോഫ്റ്റ്‌വെയർ കൺസൾട്ടിംഗ് കമ്പനിയിൽ പേഴ്സണൽ മാനേജരായിരുന്നു. C.F.W.C. സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. സിറിയക് ഏലിയാസ് വോളന്ററി അസോസിയേഷന്റെ മുൻപ്രസിഡന്റും ഡയറക്ടർ ബോർഡ് അംഗവുമാണ്. അസോസിയേഷൻ ഓഫ് സിംഗിൾ വിമൻ ഫോർ ആക്ഷൻ ആൻഡ് സെൽഫ് ഹെൽപ് (ആശ്വാസ്) എന്ന സംഘടനയുടെ സ്ഥാപകനും പരിശീലകനുമാണ്. ഇപ്പോൾ ബെത്‌ലെഹം സെന്റർ ഫോർ റിസർച്ച് ആൻഡ് ഫാമിലി ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന്റെയും ഓക്സിയോസിന്റെയും ഡയറക്ടറായി എറണാകുളത്ത് താമസിക്കുന്നു.

*Ph: 09446566760, Email : bethlehem@eth.net;*
*Website :www.bethlehemmatrimonial.com.*





# ഞങ്ങളുടെ
# മാതാപിതാക്കൾ



വിലങ്ങുപാറ ജോസഫ് (ഔത) - ഏലിക്കുട്ടി ദമ്പതികളുടെ മൂത്ത മകനാണ് ചെറിയാൻ കുഞ്ഞ്. 1933 ജനുവരി 9 - ന് പാലായിൽ ജനിച്ച ഇദ്ദേഹം പാലാ സെന്റ് തോമസ് കോളേജിൽനിന്ന് B.A. പാസ്സായി. ഏതെങ്കിലും ഉദ്യോഗത്തിൽ കയറുന്നതിനേക്കാൾ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകി പൊതുജനങ്ങളുമായി ബന്ധപ്പെട്ടു കഴിയാനായിരുന്നു ചെറിയാൻ കുഞ്ഞിനു താത്പര്യം.

വിദ്യാഭ്യാസത്തിനുശേഷം കുടുംബകാര്യങ്ങളിലേക്കു തിരിഞ്ഞ അദ്ദേഹം തൃശൂർ കൊട്ടേക്കാട് കോളേങ്ങാടൻ ദേവസ്സി - കുഞ്ഞില ദമ്പതികളുടെ ഇളയമകൾ റോസിയെ വിവാഹം ചെയ്തു. അതോടെ റോസി റോസലിൻഡ് ചെറിയാനായി. മാത്സ് B.Sc. ബിരുദധാരിയായിരുന്ന അവർ പാലാ സെന്റ് തോമസ് കോളേജിൽ ചേർന്ന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം നേടി. തുടർന്ന് പാലാ അൽഫോൻസാ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയായി. 1996 - ൽ ജോലിയിൽനിന്നു വിരമിച്ചു. 1980 മുതൽ 1985 വരെ അഞ്ചു വർഷം പാലാ മുനിസിപ്പൽ കൗൺസിലറായി പ്രവർത്തിച്ചു.

പരസ്പര പൂരകങ്ങളായ രണ്ടു വ്യക്തിത്വങ്ങളായിരുന്നു ചെറിയാൻകുഞ്ഞും റോസലിൻഡ് ചെറിയാനും. തന്റെ വഴി കൃഷിയും കുടുംബകാര്യങ്ങളും പൊതുപ്രവർത്തനങ്ങളുമൊക്കെയാണെന്നു തിരിച്ചറിഞ്ഞ ചെറിയാൻകുഞ്ഞ്, ഭാര്യ റോസലിൻഡിൽ പ്രഗൽഭയായ ഒരദ്ധ്യാപികയേയും സമർത്ഥയായ ഒരു വാഗ്മിയേയും കണ്ടു. ഭർത്താവിന്റെ നിർബന്ധത്തിലും പ്രോത്സാഹനത്തിലുമാണ് റോസലിൻഡ് ഉന്നതപഠനം നടത്തിയതും കോളേജിൽ അദ്ധ്യാപിക ആയതും.

കൃഷിയെ സ്നേഹിക്കുകയും കാർഷികവൃത്തിയുടെ അന്തസ്സ് ഉയർത്തുകയും ചെയ്ത ചെറിയാൻകുഞ്ഞ് ഏവർക്കും മാതൃകാകർഷകനായിരുന്നു. തമിഴ്നാട്ടിൽ പൊള്ളാച്ചിക്കുസമീപം ഓർഗാനിക് ഫാം എന്ന നിലയിൽ നൂതനമായ രീതിയിൽ കൃഷി ചെയ്യുന്നതിനും ജൈവവളങ്ങളുടെയും മറ്റും ഒരു ഫാക്ടറി സ്ഥാപിക്കുന്നതിലും അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള ശ്രമങ്ങൾ എടുത്തുപറയത്തക്കതാണ്. കൃഷിയും കുടുംബകാര്യങ്ങളും പൊതുപ്രവർത്തനവും സമന്വയിപ്പിച്ച് ജീവിതം വിജയിപ്പിച്ച ചെറിയാൻകുഞ്ഞ് 74 - ാം വയസ്സിൽ 21 - 08 - 06ൽ അന്തരിച്ചു.


വലിയ ശിഷ്യത്വത്തിന്റെ ഉടമയും മാതൃകാദ്ധ്യാപികയും പ്രഗത്ഭ വാഗ്മിയും എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായിരുന്ന റോസലിൻഡ് ചെറിയാൻ 62 - ാമത്തെ വയസ്സിൽ 16 - 09 - 02ൽ മരിച്ചു. കേരളത്തിലെ അറിയപ്പെടുന്ന ഒരു സുവിശേഷ പ്രസംഗകയായിരുന്നു റോസലിൻഡ് ചെറിയാൻ. ഡിവൈൻ ധ്യാനകേന്ദ്രത്തിലെ ധ്യാനങ്ങളിൽ സ്ഥിരമായിട്ടെന്നപോലെ എല്ലാ വ്യാഴാഴ്ചയും രാവിലെ കുടുംബവിഷയത്തിൽ ക്ലാസ്സുകൾ എടുത്തിരുന്നു. അതുപോലെതന്നെ കേരളത്തിലെ വിവിധ ക്രൈസ്തവപ്രസിദ്ധീകരണങ്ങളിൽ അവരുടെ ലേഖനങ്ങളും ഇതര പംക്തികളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. റോസ്‌ലിൻഡ് ചെറിയാൻ അനുഗ്രഹീതയായ ഗായികയും ആയിരുന്നു.

കുടുംബത്തിനും സമൂഹത്തിനും സ്തുത്യർഹമായവിധം സേവനങ്ങൾ ചെയ്ത ഇവരുടെ സ്നേഹസ്മരണയ്ക്കു മുമ്പിൽ എല്ലാ ആദരാഞ്ജലികളും അർപ്പിക്കുന്നു.

സ്നേഹാദരവുകളോടെ,

പാലാ, ജനുവരി 2010

മക്കളും കൊച്ചുമക്കളും



# അഡ്വ. ഡേവിസ് ജോസഫ്

## ഞാവള്ളിൽ വിലങ്ങുപാറ

ബേബിച്ചൻ എന്ന് കുടുംബക്കാരും ഡേവിസ് എന്ന് സുഹൃത്തുക്കളും നാട്ടുകാരും വിളിച്ചിരുന്ന അഡ്വ. ഡേവിസ് ജോസഫ് വളരെപ്പെട്ടെന്ന് പാലായിലെ സഹകരണ, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. മുപ്പതാമത്തെ വയസ്സിൽ വാഹനാപകടത്തിൽ മരിക്കുമ്പോൾ അദ്ദേഹം പാലായിലെ മുനിസിപ്പൽ കൗൺസിലിലെ പ്രതിപക്ഷ നേതാവ്, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, കേരളാ കോൺഗ്രസ് പാർട്ടിയിലെ ഉദിച്ചുയരുന്ന ഒരു യുവനേതാവ്, നല്ല അഭിഭാഷകൻ എന്ന നിലയിൽ ഒക്കെ ശ്രദ്ധേയനായക്കഴിഞ്ഞിരുന്നു.

സൗന്ദര്യത്തിന്റെയും വിശുദ്ധിയുടെയും പ്രതീകമായി കവികൾ പ്രകീർത്തിക്കുന്നന്നത് ലില്ലി പുഷ്പത്തെയാണ്. ഒരു ദിവസം മാത്രം ജീവിതമുള്ള ലില്ലി പുഷ്പം വയലുകളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ മുളച്ചുവളർന്ന് പൂക്കുന്ന ലില്ലി, അത് നൂറുനൂറ് വർഷങ്ങൾ ജീവിതമുള്ള ഓക്കുമരത്തേക്കാൾ മനോഹരമാണെന്ന് കവികൾ പാടുന്നു. പൊതുജീവിതത്തിലും രാഷ്ട്രീയത്തിലും ഒരു ലില്ലിപുഷ്പമായിരുന്നു ഡേവിസ്. ഓക്കുമരം പോലെ നൂറുവർഷം വളർന്ന് പന്തലിച്ചു നിൽക്കാതെ പ്രഭാതത്തിൽ വിരിഞ്ഞ് സായാഹ്നത്തിൽത്തന്നെ കൊഴിഞ്ഞുവീണു. നൂറുകൊല്ലം കൊണ്ട് നേടാവുന്നത് ഒരു ദിവസംകൊണ്ട് നേടി. മായ്ക്കാനാവാത്ത വേദന എല്ലാ ഹൃദയങ്ങളിലും സൃഷ്ടിച്ചുകൊണ്ട് ആ ദീപം പൊലിഞ്ഞു. ഒരു നൂറുകൊല്ലം ജീവിച്ചാലുണ്ടാവുന്നതിൽക്കവിഞ്ഞ വികാരം ഡേവിസ് തന്റെ അൽപകാലത്തെ പൊതുജീവിതംകൊണ്ട് ജനഹൃദയങ്ങളിൽ ഉളവാക്കിയിട്ടുണ്ട്.

പെട്ടെന്ന് വിരിഞ്ഞ് നാലുപാടും പ്രഭ വിതറി, നിമിഷങ്ങൾ മാത്രം ജ്വലിച്ചുനിന്ന ഡേവിസ് എന്ന താരം അസ്തമിച്ചു. പക്ഷേ, ആ താരത്തിൽ നിന്നും ലഭിച്ച പ്രകാശം ഇപ്പോഴും അദ്ദേഹത്തെ ഇഷ്ടപ്പെടുന്ന ജനഹൃദയങ്ങളിൽ ജ്വലിച്ചുനിൽക്കുന്നുണ്ട്. നാളെ ജ്വലിച്ചുനിൽക്കുകയും ചെയ്യും.




**സ്നേഹസ്മരണയ്ക്കു മുമ്പിൽ**
**ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട്,**

*സഹധർമ്മിണി ലില്ലി ഡേവിസും*
*മകൾ എൽസയും കുടുംബവും*

പാലാ, ജനുവരി 2010







# ചെറിയാച്ചൻ ആണ്ടുക്കുന്നേൽ

ഞാവള്ളിൽ കുടുംബസ്ഥാപകനായ ചെറിയാൻ കുര്യന്റെയും കട്ടക്കയത്തിൽ മറിയത്തിന്റെയും നാലാമത്തെ മകൻ ഞാവള്ളിൽ ചാണ്ടി. ഇദ്ദേഹത്തിന്റെ ഇളയ മകൻ ഞാവള്ളിൽ ഉതുപ്പിന്റെ മൂന്നാമത്തെ പുത്രനാണ് ആണ്ടുക്കുന്നേൽ ചെറിയാച്ചൻ എന്നറിയപ്പെടുന്ന ഉതുപ്പ് ചെറിയാൻ. പുരാതന പ്രസിദ്ധമായ കുറവിലങ്ങാട് പകലോമറ്റം കുടുംബത്തിൽപ്പെട്ട ആലപ്പാട്ട് തറവാട്ടിലെ അന്നമ്മയെയാണ് ഇദ്ദേഹം വിവാഹം ചെയ്തിരുന്നത്.

മികച്ച സാമൂഹിക പ്രവർത്തകനും അക്കാലത്ത് നാട്ടിൽ പരക്കെ അംഗീകാരം ലഭിച്ചിട്ടുള്ള പൊതുജനസമ്മതനുമായിരുന്നു അദ്ദേഹം. നാട്ടുകാരുടെ ഏതു പ്രശ്നവും ചെറിയാച്ചൻ നിഷ്പ്രയാസം പരിഹരിച്ചുകൊടുക്കുമായിരുന്നു. അരോഗദൃഢഗാത്രനും ആജാനുബാഹുവുമായിരുന്ന അദ്ദേഹം മാനസികവും ശാരീരികവുമായി ശക്തനുമായിരുന്നു. ആരും അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ആജ്ഞാശക്തിയുടെയും ധർമ്മനീതിയുടെയും കർമ്മനിഷ്ടിതമായ ആദർശത്തിന്റെയും ഉടമയും ആയിരുന്നു ചെറിയാച്ചൻ.

ഞാവള്ളിൽ തറവാട്ടിലെ അന്നത്തെ അഞ്ചാം തലമുറക്കാർ നാലാം തലമുറയിൽ അന്നു ജീവിച്ചിരുന്ന ചെറിയാച്ചനെ അനുസരിക്കുക മാത്രമല്ല; ആദരിക്കുകയും ചെയ്തിരുന്നു. ചെറിയാച്ചന്റെ വാക്കും ഉപദേശങ്ങളും നിർദ്ദേശങ്ങളുമെല്ലാം അവർ സ്നേഹപൂർവ്വം സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു.

3 ആൺമക്കളും 4 പെൺമക്കളുമായി ഏഴ് മക്കളാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്.

1) കൊച്ചേലി - രാമപുരം നെടുംകുന്നേൽ
2) ഉതുപ്പ് - ആണ്ടുക്കുന്നേൽ തറവാട്
3) ചാണ്ടി - ചൂരനാട്ട്
4) കുര്യൻ - തോട്ടപ്പാക്കൽ
5) അമ്മിണി - മൈലാടൂർ കളപ്പുരയ്ക്കൽ
6) അന്നമ്മ - മണിമല - പളാക്കാട്ട്
7) ത്രേസ്യാമ്മ - കടപ്ലാമറ്റം കടിയൻകുറ്റിയിൽ

**ചെറിയാച്ചന്റെ സഹോദരങ്ങൾ**

1) തറവാട്ടിൽ താമസിച്ചിരുന്ന ചാണ്ടി
2) ചേനക്കാലായിൽ കുടുംബസ്ഥാപകനായ കുര്യൻ
3) ചൂരനാട്ട് കുടുംബസ്ഥാപകനായ ഔസേപ്പ്
4) സഹോദരിമാരിൽ ഒരാളെ പാലാ തെരുവിലും ഒരാളെ പൈമ്പള്ളിയേലും ഒരാളെ പാലാ പടവിലും കല്യാണം കഴിച്ചുവിട്ടു.

*കൊച്ചുമകൻ അഗസ്റ്റിൻ ജോസഫ് ആണ്ടുക്കുന്നേൽ സമർപ്പിക്കുന്ന സ്നേഹോപഹാരം*

ആണ്ടുക്കുന്നേൽ, ജനുവരി 2010

# Adv. K.C. ചാണ്ടി കോട്ടവാതുക്കൽ



കേരളത്തിലെ കത്തോലിക്കാ സഭയുടെ ഏറ്റവും വിഷമകരമായ ഒരു കാലഘട്ടം സർ സിപി വിദ്യാഭ്യാസദേശ സാൽക്കരണബിൽ ശ്രീമൂലം പ്രജാസഭയായ ലെജിസ്ലേറ്റീവ് കൗൺസിലിൽ അവതരിപ്പിച്ചപ്പോഴാണ്. സർ സിപിയുടെ അപ്രീതിക്ക് പാത്രമായി കെ.സി. ചാണ്ടി വിദ്യാഭ്യാസ ദേശ സാൽക്കരണബില്ലിനെതിരായി അസംബ്ലിയിൽ ചെയ്ത പ്രസം ഗങ്ങൾ നിയമസഭയുടെ താളുകളിൽ ചരിത്രരേഖകളാണ്. കേരളത്തിലെ എല്ലാ മതസംഘടനകളുടെയും സ്വതന്ത്ര വിദ്യാഭ്യാസത്തിന്റെയും മാഗ്നാകാർട്ടായാണ് കെ.സി. ചാണ്ടി യുടെ അസംബ്ലിയിലെ പ്രസംഗങ്ങൾ. കെ.സി. ചാണ്ടിയെ പ്രീണിപ്പിക്കുവാൻ സർ സി.പി. ഹൈക്കോടതി ചീഫ് ജസ്റ്റീസ് സ്ഥാനം വരെ ഓഫർ ചെയ്തു. തൂമ്പയെ തൂമ്പയെന്നു മാത്രം വിളിക്കുന്ന കെ.സി. ചാണ്ടി വഴ ങ്ങാതെ മദ്രാസിലേക്കു പോയി മാറിനിന്നു. അതോടെ ആരംഭിച്ച നിവർത്തനപ്രക്ഷോഭത്തോടെ സർ സിപി ബില്ല് പിൻവലിച്ചു. ക്രിസ്ത്യാനികൾക്ക് വളരെ ദോഷകരമായേക്കാവുന്ന വിദ്യാഭ്യാസ ദേശസാൽക്കരണം അഖിലേന്ത്യാ തലത്തിൽ പണ്ഡിറ്റ് നെഹ്റുജി ആലോചിച്ചപ്പോൾ കെ.സി. ചാണ്ടി വളരെ സുദീർഘമായ ഒരു പ്രമേയം സഭയ്ക്കുവേണ്ടി പണ്ഡിറ്റ്ജിക്ക് അയച്ചുകൊടുക്കുകയും നെഹ്റുജി ശ്രീ ചാണ്ടിയെ നേരിൽക്കാണാൻ പലവട്ടം ആഗ്രഹിക്കുകയും അവസാനം വിദ്യാഭ്യാസ ദേശസാൽക്കരണം എന്ന ആശയം അദ്ദേഹം ഉപേക്ഷിക്കുവാൻ നിർബന്ധിതനാവുകയും ചെയ്തു.

രണ്ടു പ്രാവശ്യം പാലായിൽനിന്ന് ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് കോട്ടയത്ത് അഭിഭാഷകനായി പ്രവർത്തിച്ചു. ഏറ്റവും പ്രഗത്ഭനായ, കമ്പനി നിയമങ്ങളിൽ പേരെടുത്ത ലോയറായി. കോട്ടയത്ത് ലോ ചേമ്പേഴ്സ് എന്ന നിയമസ്ഥാപനം നടത്തിയിരുന്നു.

കെ.സി. ചാണ്ടി എന്നും കേരള കത്തോലിക്കാ സഭയുടെ ഉപദേഷ്ടാവായിരുന്നു. കേരള കത്തോലിക്കാ കോൺഗ്രസിന്റെ സ്ഥാപകരിലൊരാളായിരുന്നു അദ്ദേഹം. 1962-ൽ മരിക്കുന്നതു വരെ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റായിരുന്നു. അദ്ദേഹം "ദീപിക"യുടെ നിയമോപദേശ കനുമായിരുന്നു.

കേരളത്തിലാദ്യമായി കോട്ടയത്ത് റബ്ബർ ഫാക്ടറി സ്ഥാപിച്ചു, ബൽജിയം സ്വദേശിയായ ഹെലൻ സായ്പിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് ഇന്ന് കോട്ടയം റയിൽവേ സ്റ്റേഷൻ ഇരിക്കുന്ന സ്ഥലത്ത് റബർ ഫാക്ടറി പ്രവർത്തിച്ചിരുന്നു. റെയിൽവേ വന്നപ്പോൾ ഫാക്ടറി മാറ്റി സ്ഥാപിച്ചു. കേരളത്തിലെ റബർ വ്യവസായത്തിന്റെ ആരംഭകനായിരുന്നു കെ.സി.ചാണ്ടി.

1962 മാർച്ച് 1-ാം തീയതി 58-ാമത്തെ വയസ്സിൽ കോട്ടയത്ത് അന്തരിച്ചു. പാലാ ളാലം പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. വയലിൽകളപ്പുര ശ്രീമതി അച്ചാമ്മയായിരുന്നു സഹധർമ്മിണി.

*കെ.സി. മാത്യു കോട്ടവാതുക്കൽ, പാലാ. Ph: 04822 201047.*
*Email - kottavathuckal@gmail.com*





# എന്റെ കൊച്ചു പെങ്ങളും അളിയനും



ഏലിക്കുട്ടിയും ഭർത്താവും ആദ്യജാത സോഫിയും

ഗവൺമെന്റ് ഡപ്യൂട്ടി സെക്രട്ടറി ആയിരുന്ന പുല്ലാട്ട് ശ്രീ P. K. ചാക്കോ ജീവിതസായാഹ്നത്തിൽ, തന്നെ സന്ദർശി ക്കാൻ വരുന്ന സുഹൃത്തുക്കളോടും സഹപ്രവർത്തകരോടും 'I am proud of my wife' എന്ന് പറയത്തക്ക വിധ ത്തിൽ ധന്യവും പവിത്രവും ത്യാഗസുര ഭിലവുമായ മാതൃകാ കുടുംബജീവിതം നയിച്ച ആളായിരുന്നു കൊച്ചുപെങ്ങൾ എന്ന് ഞാൻ വിളിക്കുന്ന എന്റെ രണ്ടാമത്തെ സോദരി ശ്രീമതി കെ.കെ. ഏലിക്കുട്ടി കാടൻകാവിൽ. ഈ കൊച്ചുപെങ്ങളുടെയും അളിയന്റെയും ജീവിക്കുന്ന സ്മാരകങ്ങളാണ് തങ്ങളുടെ മക്കളും കൊച്ചുമക്കളുമെന്ന് താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങൾ പ്രസ്പഷ്ടമാക്കുന്നു.

1. **Prof. Sophy Joseph** *(Professor Zoology)*

   *Husband - Prof. (Dr.) K.V. Joseph, Kumbattu, Trivandrum*

   1) (S) *Biju George Joseph B.Tech., IPS* - Superintendent of Police, Rajasthan.
      *Wife - Mrs. Bindu George Joseph C.A.* (Manickanamparampil, Ernakulam)
   2) (D) *Dr. Sharmila Mary Joseph IAS* (Former District Collector of Kottayam).
      Husband - *Mr. Joseph Nedumpara LLM (U.K.), LLM (USA)* - Professor, Law College, New Delhi
   3) (D) *Dr. Prameela Elizabeth Joseph MD* (Prof. Medical College).
      Husband - *Mr. George Paul Vadakkumchery B.Tech., MBA* - General Manager, Ericsson, New Delhi.

2. **P.C. Cyriac IAS** *(Former Addl. Chief Secretary to Govt. of Tamilnadu)*

   *Wife - Mrs. Alice Cyriac, Chempithanam, Kottayam.*

   1) (S) *Dr. Chacko Cyriac MS, MCh, MRCS (Glasgow)* - Fellow in Plastic Surgery, Toronto, Canada.
      *Wife - Mrs. Cynthia Cyriac MSc. Ph.D.*
   2) (S) *George Cyriac BA, LLB (Hons.), LLM (Columbia)* - Adv. New York
      Wife - *Mrs. Nisha Cyriac M.A.*
   3) (D) *Ms. Elizabeth Cyriac* - III[rd] MBBS Student.

**3. Dr. Santhamma Chacko M.S., D.O.** *(Ophthalmologist)*
- Addl. Director of Health Servises Retd.

*Husband - Late Joy Kuriakose M.Sc. Viruppel*

1) (S) *Dr. Sanju Joy, MBBS, MRCP (U.K.)*
*Wife - Dr. Angela Sanju MBBS (U.K.) Vadakara (H), Ernakulam.*
2) (S) *Chacko Joy B.Tech.* - Tata Consultancy Services, Boston, U.S.A.
Wife - *Mrs. Sheena Chacko B.Tech.- Lecturer, Engg. College, Vazhakkulam. Theruvil House, Pala.*
3) (S) *Dr. Joseph Joy B.D.S.* - MDS Student, Chennai.

**4. Dr. Valsamma Tharian M.D., D.G.O.** *(I^st rank holder Madras Varsity)* - Prof. Medical College (Gynaecologist)

*Husband - Dr. B. Tharian M.D. (Physician) (Supt. Govt. Hospital Rtd.)*

1) (D) *Dr. Kavitha Suraj M.D., MRCP (U.K.)*
*Husband - Dr. Suraj Joshi M.S. MRCS (U.K.)*
2) (S) *Dr. Benjamin Tharian M.D., MRCP (U.K.)* - I^st Rank holder M.G. University.
Wife - *Dr. Nayana Benjamin MBBS (U.K.)*
3) (D) *Dr. Sangeeta Benny MBBS.* (Dip NB Student)
Husband - *Dr. Benny Paul, Menachery MS, M.Ch. (Cardiologist)*

**5. Dr. Lyla J. Mampilli MS, DCH**
*(Professor of Paediatrics, Medical College Kottayam)*

*Husband - Dr. Joy Mampilli MS, MCh. (HOD of Surgery, Lisi Hospital, Ekm.)*

1) (S) *Dheep Joy Mampilli B.Tech. (IIT)* - MBA student IIM Lucknow
2) (S) *Dileep Joy Mampilli B.Tech.* - Software Engineer
3) (S) *Deepak Joy Mampilli B.Tech.* - MBA Student
4) (D) *Elizabeth Joy Mampilli* - 8^th Standard

ഇങ്ങനെ മക്കളെ അവരവരുടെ പ്രവർത്തനമേഖലകളിലെ നഭോമണ്ഡലങ്ങളിൽ വെള്ളി നക്ഷത്രങ്ങളായി പ്രശോഭിക്കത്തക്ക നിലയിൽ പ്രാർത്ഥനാധിഷ്ഠിതമായ സ്വഭാവരൂപവത്കരണവും ലളിതജീവിതശൈലിയും സേവനതത്പരതയും നൽകി വളർത്തിയ കൊച്ചുപെങ്ങൾക്കും അളിയനും എന്റെ ആദരാഞ്ജലികൾ!!!

അളിയൻ പി.കെ. ചാക്കോ 15-12-1996ലും കൊച്ചുപെങ്ങൾ 9-2-2005ലും നിര്യാതരായി. ഭൗതികശരീരങ്ങൾ പട്ടം കത്തീഡ്രൽ പള്ളിയിലെ കുടുംബക്കല്ലറയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഈ *write up* നമ്മുടെ കുടുംബജീവിതക്കാർക്ക് മാതൃകയും പ്രചോദനവുമാകട്ടെ!

**കെ.കെ. സിറിയക്**
ഞാവള്ളിൽ കാടൻകാവിൽ
പാലാ